"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ വടക്കൻ സിക്കിം ൽ വച്ച് മരണപ്പെട്ട ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ ഭാര്യ ശ്രീമതി.സവിനയ എം.വി-യ്ക്ക് കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.24/2023/SWD തീയതി,തിരുവനന്തപുരം, 30-10-2023

---

പരാമർശം:- 1. ശ്രീമതി സവിനയ എം.വി യുടെ അപേക്ഷ.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 05.05.2022, 26.07.2023 തീയതികളിലെ സി2/238/2022-ഡി.എസ്.ഡബ്ല്യു നമ്പർ കത്തുകൾ.

**ഉത്തരവ്**

1. സൈനിക സേവനത്തിലിരിക്കുന്ന ജവാന്മാരോ, മിലിട്ടറിയുമായി അറ്റാച്ചായിരിക്കുന്ന GREF ജവാന്മാരോ ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യയിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യയ്ക്കുള്ളിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനത്തിലോ, കെണിയിൽപ്പെട്ടോ, വാഹനാപകടത്തിലോ കൊല്ലപ്പെടുകയോ/അംഗഭംഗം സംഭവിക്കുകയോ/കാണാതാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ 29.04.2002 ലെ സ.ഉ(പി)110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജവാന്റെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III / IV കാറ്റഗറിയിലെ താഴ്ന്ന ഗ്രേഡിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

2 . സൈനിക സേവനത്തിനിടെ 01.03.2021 ൽ വടക്കൻ സിക്കിം ൽ വച്ച് മരണപ്പെട്ട ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ ഭാര്യ ശ്രീമതി സവിനയ എം.വി. പ്രസ്തുത ഉത്തരവിൻ പ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർ ശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത അപേക്ഷ പരാമർശം (2) പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ

പരിശോധിച്ച് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ മരണം, 01.03.2021 ന് വടക്കൻ സിക്കിമിലെ കാലാപത്തറിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിക്കിടെ ഉണ്ടായ റോഡ് അപകടത്തിൽ വാഹനം 100 മീറ്റർ താഴ്ചയിലേയ്ക്ക് വീണ് സംഭവിച്ചതാണെന്നും മരണം ഫീൽഡ്/ഹൈ ആൾറ്റിറ്റ്യൂഡ് ഏരിയയിൽ വച്ച് സംഭവിച്ചതാണെന്നും ആട്രിബ്യൂട്ടബിലിറ്റി സർ ട്ടിഫിക്കറ്റിൽ ചീഫ് റെക്കോർഡ്സ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ ഭാര്യ ശ്രീമതി സവിനയ എം.വി യ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുള്ളതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു തൊഴിൽ സഹായം നൽകുന്നതിന് അനിവാര്യ രേഖയായ, ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ മരണം സൈനിക സേവനത്തിനിടെ വടക്കൻ സിക്കിമിലെ ഹൈ ആൾറ്റിറ്റ്യൂഡ് ഫീൽഡ് ഏര്യയിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിക്കിടെ ഉണ്ടായ റോഡ് അപകടത്തിൽ വാഹനം 100 മീറ്റർ താഴ്ചയിലേയ്ക്ക് വീണ് സംഭവിച്ചതാണെന്ന ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടിയാന്റെ ഭാര്യ ശ്രീമതി സവിനയ എം.വി യുടെ ജനന തീയതി 20.05.1983 ആണെന്നും ടിയാന് ക്ലാർക്ക് തസ്തികയിൽ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ വടക്കൻ സിക്കിമിൽ വച്ച് മരണപ്പെട്ട ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ ഭാര്യ ശ്രീമതി സവിനയ എം.വി, പാഞ്ചജന്യം, മക്രേരി പി.ഒ, മക്രേരി വില്ലേജ്, കണ്ണൂർ താലൂക്ക്, കണ്ണൂർ -670 622 ന് 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ, തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. കണ്ണൂർ ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡീഷണൽ സെക്രട്ടറി

പകർപ്പ്-
1. ശ്രീമതി സവിനയ എം.വി, പാഞ്ചജന്യം, മക്രേരി പി.ഒ, മക്രേരി വില്ലേജ്, കണ്ണൂർ താലൂക്ക്, കണ്ണൂർ -670 622 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)

2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 30-10-2023 15:15:38